# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5090      27/07/2015 ൽ മറുപടിക്ക്

## എസ്.എസ്.എ. പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം.ഉമ്മർ<br>,, കെ.മുഹമ്മദുണ്ണി ഹാജി<br>,, കെ.എം.ഷാജി | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| ഈ അദ്ധ്യയന വർഷം എസ്.എസ്.എ പദ്ധതി പ്രകാരം ഏതെങ്കിലും നൂതന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. 2015-16 അധ്യയന വർഷം 1,2 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും വായന ഉറപ്പാക്കുന്നതിലേക്കായി വിവിധ നിലവാരവായന കാർഡുകൾ(Multi level reading cards) 1 മുതൽ 8 വരെയുള്ള എല്ലാകുട്ടികളും നിശ്ചിത പഠന നേട്ടം കൈവരിച്ചു എന്ന് ഉറപ്പാക്കുന്ന സ്മാർട്ട് ചിൽഡ്രൻ പരിപാടി 5 മുതൽ എട്ടുവരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും മികവുണ്ടാകുന്നതിന് ബാലശാസ്ത്ര കോൺഗ്രസ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ഈ വർഷത്തെ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച എല്ലാ പ്രോജക്ടുകൾക്കും പണം അനുവദിച്ചിട്ടുണ്ടോ ; | (ബി) | 2015-16 വർഷ പദ്ധതി പ്രവർത്തനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പ്രോജക്ടുകളിൽ സിവിൽ വർക്ക് ഒഴികെ എല്ലാ പ്രോജക്ടുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. |
| നടപ്പുവർഷം എല്ലാ പ്രോജക്ടുകളും നടപ്പിലാക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം സജീവമായി പരിഗണിക്കുമോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ